# Universalization of the Membership of the International Solar Alliance (ISA)

July 31, 2020

**ഇന്റർനാഷണൽ സോളാർ അലയൻസ്(ISA) അംഗത്വത്തിന്റെ ആഗോളീകരണം**

ജൂലൈ 31, 2020

1.പാരിസിലെ COP21 ൽ ഇന്ത്യൻ പ്രധാനമന്ത്രിയും ഫ്രാൻസ് പ്രസിഡന്റും ചേർന്നാണ് ഇന്റർനാഷണൽ സോളാർ അലയൻസ് ആരംഭിച്ചത്. ഇത് സൗരോർജം മുഖേനെ പാരീസ് കാലാവസ്ഥ ഉടമ്പടിയുടെ പെട്ടന്നുള്ള വിപുലമായ തോതിലുള്ള നടപ്പിലാക്കാൻ ലക്ഷ്യം വയ്ക്കുന്നു. 2020 ജൂലൈ 30 വരെ 87 രാജ്യങ്ങളാണ് ISA യുടെ ഫ്രെയിം വർക്ക് ഉടമ്പടി ഒപ്പു വയ്ച്ചത് കൂടാതെ ഇതിൽ 67 എണ്ണവും തങ്ങളുടെ ഉപകരണങ്ങൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

2.ബഹുമാനപ്പെട്ട ഇന്ത്യൻ പ്രധാന മന്ത്രിയുടെ കാഴ്ചപ്പാടിനനുസരിച്ച് ഉഷ്ണമേഖലരാജ്യങ്ങൾക്കപ്പുറമുള്ള രാജ്യങ്ങളിലേക്ക് അംഗത്വം ആഗോളവൽക്കരിക്കുന്നതിന് ISA യുടെ ആദ്യ ജനറൽ അസ്സെംബ്ലി 2018 ഒക്ടോബർ 3 ന് നടത്തുകയും ഇന്റർനാഷണൽ സോളാർ അലയൻസിന്റെ ഫ്രെയിം വർക്ക് ഭേദഗതി ചെയ്ത് ISA അംഗത്വം ഐക്യരാഷ്ട്ര സഭയിലെ എല്ലാ അംഗരാജ്യങ്ങൾക്കും നൽകുന്ന രീതിയിൽ വിപുലീകരിച്ചു.

3. ISA യുടെ ഫ്രെയിം വർക്ക് ഉടമ്പടിയിൽ നിർബന്ധമായി പറഞ്ഞിട്ടുള്ളത് പോലെ അഭ്യർത്ഥിച്ചിട്ടുള്ള ISA അംഗരാജ്യങ്ങൾക്ക് ആവശ്യമായ സ്ഥിരീകരണങ്ങൾക്കും/ അപ്രൂവലുകൾക്കും/അംഗീകാരങ്ങൾക്കും ശേഷം, ഈ ഭേദഗതി 2020 ജൂലൈ 15 ന് നിലവിൽ വന്നു. ISA ഫ്രെയിം വർക്ക് ഉടമ്പടിയുടെ ഈ ഭേദഗതി നിലവിൽ വരുന്നതോടെ ഉഷ്ണമേഖല രാജ്യങ്ങളിൽ അല്ലാതുള്ള ഐക്യരാഷ്ട്ര സഭയിലെ എല്ലാ അംഗരാജ്യങ്ങൾക്കും ഇന്റർനാഷണൽ സോളാർ അലൈൻസിൽ പങ്കാളികളാകാൻ സാധിക്കുന്നതായിരിക്കും.

4.സാങ്കേതികത, സാമ്പത്തികം, വിഭവശേഷികൾ എന്നിവ സംബന്ധിച്ച് സൗരോർജപദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പൊതുവായ പ്രധാന

തടസ്സങ്ങൾക്കുള്ള പ്രതികരണം ഏകോപിപ്പിക്കുന്നതിനാണ് ISA ലക്ഷ്യം വയ്ക്കുന്നത്. അംഗരാജ്യങ്ങളെ അണിനിരത്തുന്നതിന്, അന്താരാഷ്ട്ര സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിബദ്ധത തേടുന്നതിന്, സ്വകാര്യ മേഖലകൾ ഉൾപ്പെടുത്തുന്നതിന്, ഉൾമേഖലകളിലുള്ള വികേന്ദ്രീകൃത ആപ്ലികേഷനുകളെ പിന്തുണയ്ക്കുന്നതിന്, സാധ്യമായ ചെലവുകളിൽ ലഭ്യമാക്കുന്നതിന് ഇവ കൂടാതെ ദ്വീപ്,ഗ്രാമം എന്നിവയിലെ സോളാർ മിനി ഗ്രിഡ്, റൂഫ് ടോപ് ഇൻസ്റ്റലേഷനുകൾ കൂടാതെ സോളാർ ഇ മൊബിലിറ്റി ടെക്നോളജികൾ എന്നിവയും ISA യുടെ പ്രവർത്തന ഉദ്ദേശ്യങ്ങളാണ്.

**ന്യൂ ഡൽഹി**
**31 ജൂലൈ 2020**

DISCLAIMER : This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.